പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3950** — **11/11/2019-ൽ മറുപടിക്ക്**

## ഗുണനിലവാരമുള്ള ഹോമിയോ മരുന്നുകളുടെ നിർമ്മാണം

**ചോദ്യം**

ശ്രീ.കെ. ആൻസലൻ
ശ്രീമതി യു. പ്രതിഭ
ശ്രീ.കെ.ജെ. മാക്സി
ശ്രീ. സി.കൃഷ്ണൻ

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗുണനിലവാരമുള്ള ഹോമിയോ മരുന്നുകളുടെ നിർമ്മാണം കാര്യക്ഷമമാക്കുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഹോംകോയുടെ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഡ്രഗ് കൺട്രോൾ ആക്ട് പ്രകാരം അംഗീകാരമുള്ള ക്വാളിറ്റി കൺട്രോൾ ലബോറട്ടറി സ്ഥാപനത്തിൽ സജ്ജമാക്കിയിട്ടുണ്ട്. മറ്റുള്ള മരുന്നുകൾ പരിശോധിക്കുന്നതിനാവശ്യമായ FORM-38 പ്രകാരമുള്ള അംഗീകാരവും ലഭ്യമാണ്. നിലവിലുള്ള ഫാക്ടറി കെട്ടിടത്തിൽ WHO GMP അനുവർത്തിക്കുന്ന മാനദണ്ഡപ്രകാരം മരുന്നുകൾ ഉത്പാദിപ്പിച്ചുവരുന്നു. ഹോംകോയുടെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 52.88 കോടി രൂപ അടങ്കൽ തുകയ്ക്ക് ഒരു ബൃഹത് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ പുതിയ കെട്ടിട നിർമ്മാണത്തിന്റെ സിവിൽ വർക്കുകൾ 85% പൂർത്തിയായിട്ടുണ്ട്. പുതിയ കെട്ടിടം കമ്മീഷൻ ചെയ്യുന്നതോടുകൂടി കൂടുതൽ മരുന്ന് ഉത്പാദിപ്പിക്കുവാനും അതിലൂടെ വർഷത്തിൽ 75 കോടിയോളം വിറ്റുവരവുള്ള സ്ഥാപനമായി ഹോംകോ മാറുന്നതുമാണ്. |
| (ബി) | ഹോമിയോപ്പതി വൈദ്യശാസ്ത്ര രംഗത്ത് ഉപയോഗിക്കുന്ന എല്ലാവിധ ജനറിക് മരുന്നുകളും 'ഹോംകോ'യിൽ ഉല്പാദിപ്പിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കേരളത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും മെഡിക്കൽ കോളേജുകൾക്കും ആവശ്യമായ മരുന്നുകൾ നൽകുന്നതിന് പുറമെ മറ്റ് സംസ്ഥാനങ്ങൾക്കും ഹോംകോ ഔഷധ വിതരണം നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | കേരളത്തിന് പുറമേ ഉത്തർപ്രദേശ്, മിസോറാം, മണിപ്പൂർ, ആന്ധ്രാപ്രദേശ്, ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ്, ചണ്ഡീഗഢ് എന്നീ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും 2018-19-ൽ ഔഷധ വിതരണം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി 'ഹോംകോ'യിൽ എല്ലാ ദിവസവും 'സൗഖ്യം' എന്ന പേരിൽ സൗജന്യ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | പ്രവർത്തിക്കുന്നുണ്ട്. ഹോംകോയിൽ ജോലി ചെയ്ത് വരുന്ന ഷിഫ്റ്റ് സൂപ്പർ വൈസർമാർ ടി ക്ലിനിക്കിൽ സേവനമനുഷ്ഠിക്കുന്നു. കൂടാതെ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ എല്ലാ തിങ്കളാഴ്ചയും വന്ധ്യതാ നിവാരണ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.